(സി) പുതിയ തസ്തികകൾ അനുവദിച്ച് വകുപ്പ് ശക്തമാക്കിയ സാഹചര്യത്തിൽ നിലവിലുള്ള ഓഡിറ്റ് നിയമപ്രകാരം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടേയും സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളുടേയും ഓഡിറ്റ് കൂടുതൽ ശക്തമാക്കുന്നതിനാണ് വകുപ്പ് ഇപ്പോൾ ശ്രദ്ധിക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേക്കായി ഓരോ വർഷവും ക്രിയാത്മകമായ പരിപാടി നടപ്പിലാക്കി വരുന്നു. ഇതുമൂലം ഓരോ വർഷവുമുള്ള ഓഡിറ്റ് കുടിശ്ശിക ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. സമയ ബന്ധിതമായി കണക്കുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി വാർഷിക കണക്കുകളുടെ കുടിശ്ശികയിലും കുറവുണ്ടായിട്ടുണ്ട്.

കാഞ്ഞാണിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

202 (269) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ പഞ്ചായത്തിൽപ്പെട്ട കാഞ്ഞാണിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച് ഇനിയും ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(സി) കെ.എസ്.എഫ്.ഇ. കാഞ്ഞാണി ശാഖയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കാഞ്ഞാണി പ്രദേശത്ത് ശാഖ തുടങ്ങുന്നതിനുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അനുയോജ്യമായ ഓഫീസ് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

കെ.എസ്.എഫ്.ഇ.യിൽ പ്യൂൺ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷൻ

203 (270) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് കാറ്റഗറിയിലേക്ക് പ്യൂൺ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷൻ എത്ര ശതമാനം ആണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ വകുപ്പിലേതുപോലെ പ്യൂൺ പ്രൊമോഷൻ 10% ആക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ 10% പ്രൊമോഷൻ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ പ്രസ്തുത തസ്തികയിലേക്ക് പ്യൂൺ പ്രൊമോഷനുവേണ്ടി എത്ര ഒഴിവുകൾ ഉണ്ട് ; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) നിലവിലുള്ള അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും കെ.എസ്.എഫ്.ഇ. യിലേക്ക് എത്ര പേരെ നിയമിച്ചിട്ടുണ്ട് ; ഈ നിയമനങ്ങൾക്ക് ആനുപാതികമായ പ്യൂൺ പ്രൊമോഷൻ ഒഴിവുകൾ എത്രയാണ് അവ പി.എസി.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കുമോ ; അതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കുമോ എന്നും അറിയിക്കുമോ ?

ഉത്തരം

(എ) 5%.

(ബി) കമ്പനിയിലെ പ്യൂൺ/വാച്ച്മാൻ തസ്തികയിലേക്കുള്ളവർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റംവഴി നിയമനം ലഭിക്കുന്നതിനായി സംവരണം ചെയ്ത ഒഴിവുകൾ 5 ശതമാനത്തിൽ നിന്ന് 10 ശതമാനമാക്കി ഉയർത്തുന്നതു സംബന്ധിച്ച നിർദ്ദേശം പി.എസ്.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) 48 ഒഴിവുകൾ ഉണ്ട്. ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 528 പേരെ നിയമിച്ചിട്ടുണ്ട്, ഇതിന് ആനുപാതികമായി 26 പ്യൂൺ പ്രൊമോഷൻ ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കെ.എസ്.എഫ്.ഇ.യിൽ പെൻഷൻ നടപ്പാക്കുന്നതിന് പ്രായോഗികമായ ഒരു സ്കീമിനെക്കുറിച്ച് അംഗീകൃത യൂണിയനുകളുമായി ചർച്ച നടത്തിവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(2, 3, 6, 9, 10, 14, 19, 24, 25, 28, 31, 33, 34, 35, 37, 38, 39, 40, 41, 42, 43, 45, 46, 47, 48, 49, 50, 51, 53, 55, 56, 58, 59, 60, 62, 63, 64, 65, 68, 70, 72, 74, 76, 80, 81, 84, 99, 101, 102, 103, 104, 105, 110, 111, 112, 113, 126, 127, 128, 129, 132, 136, 138, 142, 143, 144, 258 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

LIBRARY ARCHIVES Kerala Legislative Assembly